പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

05/06/2018 ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 614

## കേരള ഓട്ടോമൊബൈൽസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.ആൻസലൻ | | ശ്രീ. എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര കേരള ഓട്ടോമൊബൈൽസിൽ പുതിയതായി ആരംഭിക്കുന്ന പദ്ധതികൾ ഏതൊക്കെയാണ് എന്ന് വിശദമാക്കാമോ; ഇതിന് എത്ര കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) | കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് പുതുതായി ആരംഭിക്കുന്നത് ഇലക്ട്രിക് ആട്ടോറിക്ഷ നിർമ്മിക്കുന്ന പദ്ധതിയാണ്. ഇതിനായി മൊത്തം 50 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. |
| (ബി) | കേരള ഓട്ടോമൊബൈൽസിൽ 2018 ജനുവരി മുതൽ 2018 ഏപ്രിൽ മാസം വരെ ഓരോ മാസവും ലഭിച്ച വരുമാനം വ്യക്തമാക്കാമോ; | (ബി) | 2018-ൽ ജനുവരി മുതൽ ഏപ്രിൽ മാസം വരെ ഓരോ മാസവും ലഭിച്ച വരുമാനം<br>ജനുവരി - 23.19 ലക്ഷം രൂപ<br>ഫെബ്രുവരി - 11.28 ലക്ഷം രൂപ<br>മാർച്ച് - 7.21 ലക്ഷം രൂപ<br>ഏപ്രിൽ - 4.82 ലക്ഷം രൂപ |
| (സി) | കേരള ഓട്ടോമൊബൈൽസിൽ 2018 ജനുവരി മുതൽ 2018 ഏപ്രിൽ മാസം വരെ ഓരോ മാസവും വൈദ്യുതി, വെള്ളം, തൊഴിലാളികളുടെ വേതനം എന്നീ ഇനങ്ങളിൽ എത്ര തുകയാണ് ചെലവ് വന്നത് എന്ന് വ്യക്തമാക്കാമോ; | (സി) | 2018-ൽ ജനുവരി മുതൽ ഏപ്രിൽ മാസം വരെ ഓരോ മാസത്തെ ചെലവ് |

| മാസം | വൈദ്യുതി | വെള്ളം | ശമ്പളം |
|---|---|---|---|
| ജനുവരി | 1.10 ലക്ഷം | 1100/-രൂപ | 48.25 ലക്ഷം |
| ഫെബ്രുവരി | 1.10 ലക്ഷം | 1100/-രൂപ | 48.25 ലക്ഷം |
| മാർച്ച് | 1.50 ലക്ഷം | 1100/-രൂപ | 48.25 ലക്ഷം |
| ഏപ്രിൽ | 1.50 ലക്ഷം | 1100/-രൂപ | 43.42 ലക്ഷം |

| | | | |
|---|---|---|---|
| (ഡി) | കേരള ഓട്ടോമൊബൈൽസിന്റെ വരുമാനം വർദ്ധിപ്പിക്കാൻ മാനേജ്മെന്റ് എന്ത് നടപടിയാണ് സ്വീകരിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് വരുമാനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി ഫ്രണ്ട് എഞ്ചിൻ ആട്ടോ നിർമ്മാണം മെയ് മാസം മുതൽ പുനരാരംഭിക്കുകയും സെപ്റ്റംബർ 2018-ന് മുൻപ് 1000 വണ്ടികൾ നിർമ്മിച്ച് നൽകുന്നതിനുമുള്ള പദ്ധതി ആവിഷ്ക്കരിക്കുകയും ചെയ്തു. കെ.എ.എൽ -ന്റെ ആട്ടോറിക്ഷ വില്പന ഇല്ലാത്ത കേരളത്തിൽ സെയിൽസ് ആരംഭിക്കുന്നതിനു വേണ്ടി കേരളത്തിലെ 140 നിയോജകമണ്ഡലത്തിലും സർവ്വീസ് |

സെന്റർ/സെയിൽ ഡീലേഴ്സിന്റെ നിയമന നടപടികൾ സ്വീകരിച്ചു വരുന്നു. എസ്.സി /എസ്.ടി കോർപ്പറേഷനുമായി സഹകരിച്ചു കൊണ്ട് അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് തൊഴിൽ വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അവർക്ക് കെ.എ.എൽ ആതറൈസ്ഡ് സർവ്വീസ് ട്രെയിനിംഗ് കൊടുത്ത് സർവ്വീസ് സെന്റർ തുടങ്ങുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കെ.എ.എൽ- ൽ നിലവിലുള്ളതും ആധുനികവും സാങ്കേതിക മികവുമുള്ള വിശാലമായ മെഷീൻഷോപ്പിനെ പ്രയോജനപ്പെടുത്തി സർക്കാർ അർദ്ധസർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളുടെ എല്ലാത്തരത്തിലുള്ള വർക്കുകളും ചെയ്തുകൊടുക്കുന്നതിനു വേണ്ടി ടോട്ടൽ സോലൂഷൻ പ്രൊവൈഡർ ആകുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഏഴ് കോടി സർക്കാർ ഫണ്ട് ഉപയോഗിച്ച് മെഷീൻ ഷോപ്പ് ആധുനികവൽക്കരിക്കുന്ന നടപടിതുടങ്ങിക്കഴിഞ്ഞു. വി.എസ്.എസ്.സി യും അതുപോലുള്ള സ്ഥാപനങ്ങളിൽ നിന്ന് കൂടുതൽ വർക്കുകൾ സ്വീകരിച്ച് ചെയ്തുകൊടുക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കേന്ദ്രസർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും ഇലക്ട്രിക് വെഹിക്കിൾ പദ്ധതിയുടെ ഭാഗമായി ഈ വർഷത്തെ രണ്ടാം പാദത്തോടുകൂടിത്തന്നെ ഇലക്ട്രിക് മുച്ചക്രവാഹനങ്ങളായ ആട്ടോറിക്ഷയും, മുച്ചക്ര കാർഗോ വാഹനവും ഇറക്കുവാൻ പദ്ധതി തയ്യാറാക്കി കഴിഞ്ഞു. കേരളാ സ്റ്റേറ്റ് കയർ മെഷീൻ കോർപ്പറേഷനു വേണ്ടി നിർമ്മിച്ചുനൽകുന്ന മെഷീനറികളുടെ ഉൽപാദനം വർദ്ധിപ്പിച്ചും കയർ വ്യവസായ മേഖലയ്ക്ക് ആവശ്യമായ പുതിയതരം യന്ത്രസാമഗ്രികൾ നിർമ്മിച്ചും വരുമാനം വർദ്ധിപ്പിക്കാൻ പദ്ധതിയുണ്ട്. സർക്കാർ സ്ഥാപനമായ അസ്സാപ്പുമായി ചേർന്ന് സ്കിൽ ഡെവലപ്പ്മെന്റ് സെന്റർ തുടങ്ങി അതിലൂടെയും വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിച്ചു കഴിഞ്ഞു.

സെക്ഷൻ ഓഫീസർ